**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 849** **14-01-2021 - ൽ മറുപടിയ്ക്ക്**

**മണിയാറൻകുടി - ഉടുമ്പന്നൂർ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഇടുക്കി, തൊടുപുഴ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മണിയാറൻകുടി- ഉടുമ്പന്നൂർ റോഡിന്റെ വനമേഖയിൽക്കൂടിയുള്ള ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിന് ആദ്യഘട്ടമായി ഒരു കോടി രൂപ അനുവദിച്ച പ്രവൃത്തിയുടെ രണ്ടാംഘട്ട നിർമ്മാണത്തിനായി എം.എൽ.എ. എ.ഡി.എസിൽ നിന്നും അനുവദിച്ചിട്ടുള്ള ഒരു കോടി രൂപ വിനിയോഗിക്കുന്നതിന് എന്തെങ്കിലും സാങ്കേതികതടസ്സം നിലനിൽക്കുന്നുണ്ടോ; | (എ) | ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു: വനഭൂമിയിലൂടെ കടന്നു പോകുന്നതും 19 കി.മി ദൂരവുമുള്ള മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണം, ബഹു. ഇടുക്കി എം.എൽ.എ ശ്രീ. റോഷി അഗസ്റ്റിന്റെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ഉപയോഗിച്ച്, 1980- ലെ കേന്ദ്ര വന (സംരക്ഷണ) നിയമം അനുശാസിക്കും വിധം കേന്ദ്ര സർക്കാർ അനുമതിയോടെ, വകുപ്പുതല നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്; കോതമംഗലം എഫ്.ഡി.എ. മുഖേന നടപ്പിലാക്കുവാൻ ജി.ഒ (ആർ.ററി) നം. 98/2016/F&WLD തീയതി 03.03.2016, ജി.ഒ (ആർ.റ്റി) നം. 412/2017/ F&WLD തീയതി 28.10.2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഉത്തരവായിരുന്നു. 25.5.2017-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി റോഡ്, കോൺക്രീറ്റ്/ഇന്റർലോക്കിംഗ് ബ്രിക്ക്സ് ഉപയോഗിച്ച് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കോതമംഗലം എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ ടി പ്രവൃത്തി നടപ്പിലാക്കുവാൻ 11.6.2018-ലെ എഫ്.ഡി.എ. ജനറൽബോഡി മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിലെ അനന്തര നടപടിയ്ക്കായുള്ള വിവര ശേഖരണത്തിൽ, ടി റോഡ് 1980 ന് മുൻപ് നിർമ്മിച്ചിട്ടുള്ളതാണെന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയതിൽ, 3050മീറ്റർ ദൂരം സംബന്ധിച്ച വിശദാംശങ്ങളെ പഞ്ചായത്ത് നൽകിയിരുന്നുള്ള. അപ്രകാരം 1980-ന് മുൻപേ നിലവിലുള്ളതെന്ന് ബോധ്യം വന്ന 3050 മീറ്റർ ദൂരംറോഡ്, 3 മീറ്റർ വീതിയിൽ, പുനരുദ്ധാരണ പ്രവൃത്തികൾ എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് അനുവാദം നൽകി. ബഹു. |

എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഡി.എഫ്.ഒ. യുടെയും കോതമംഗലം എഫ്.ഡി.എ. യുടെയും പ്രത്യേക ജോയിന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് 1748 മീറ്റർ ദൂരം എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത സ്ഥാപനം മുഖേന 2 0 1 9 വർഷത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. ടി ഇനത്തിൽ ആകെ 99,93,967/- രൂപ ചെലവായിട്ടുണ്ട്. അനുമതി നൽകിയ 3050 മീറ്റർ ദൂരത്തിൽ 1302 മീറ്റർ ദൂരം ഇനി പുനരുദ്ധാരണ പ്രവൃത്തി നടത്തുവാൻ ബാക്കിയുണ്ട്. ടി റോഡിലെ ദുർഘടവും കയറ്റിറക്കവുമുള്ള ഭാഗങ്ങൾ നിലവിൽ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗങ്ങൾ നിരപ്പായിട്ടുള്ളതും സഞ്ചാരയോഗ്യവുമാണ്. ആയതിനാൽ വനസംരക്ഷണത്തിന് പ്രയോജകീഭവിക്കുന്ന ജോലി അല്ലാത്തതിനാൽ ബാക്കി ദൂരം പുനരുദ്ധാരണം നടത്താൻ അനുമതി നൽകാൻ നിർവ്വാഹമില്ല.. മേൽ റോഡ് കടന്നുപോകുന്ന 1 9 കി.മീ ദൂരം ധാരാളം വന്യജീവി സാന്നിദ്ധ്യമുള്ള നിബിഡമായ വനമേഖലകളിലൂടെ കടന്നു പോകുന്നതാണ്. ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർവ്വേ അനുമതിക്കായി ജില്ലാ പഞ്ചായത്ത് യൂസർ ഏജൻസിയായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ അന്വേഷണം ബന്ധപ്പെട്ട ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയതിൽ വന്യജീവി സാന്നിദ്ധ്യമുള്ള നിബിഡമായ വനമേഖലകളിലൂടെ കടന്നു പോകുന്നതിനാൽ റോഡ് പുനരുദ്ധരിക്കുന്നതു വഴി വന്യജീവികൾക്ക് ഹാനി ഉണ്ടാകാവുന്നതും മനുഷ്യ-വന്യജീവി സംഘർഷം ഏറെ കൂടാനും തദ്വാര ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യത ഉള്ളതായും, കൂടാതെ, ടി റോഡ് പ്രയോജകീഭവിക്കുവാൻ സാദ്ധ്യതയുള്ള ആളുകൾക്ക് മുഴുവൻ മറ്റ് സഞ്ചാര മാർഗ്ഗങ്ങൾ നിലവിലുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മക്കുവള്ളി, മനയത്തടം, കൈതപ്പാറ എന്നീ ആദിവാസിയേതര സെറ്റിൽമെന്റുകളെ ബന്ധിപ്പിക്കുന്നതും ദൂരം കുറവുള്ളതും കുറവ് വനഭൂമി ഉപയോഗിക്കുന്നതുമായ ചേലച്ചുവട് കഞ്ഞിക്കുഴി- മക്കുവള്ളി -മനയത്തടം കൈതപ്പാറ റോഡാണ് തദ്ദേശവാസികൾക്ക് കൂടുതൽ പ്രയോജനപ്രദമായിട്ടുള്ളത്. കൂടാതെ, ഉടുമ്പന്നൂർ, ചെറുതോണി എന്നീ രണ്ട്

| | | | |
|---|---|---|---|
| | | | ജനവാസമേഖലകളെ ബന്ധിപ്പിച്ച് കുളമാവ് വരെയും കീരിപ്ലാവ് വഴിയും നിലവിൽ സംസ്ഥാന പാതകൾ നിലവിലുള്ളപ്പോൾ സെറ്റിൽമെന്റുമായി യാതൊരു ബന്ധവുമില്ലാത്ത വാഹന ട്രാഫിക് ഈ വനമേഖല വഴി തിരിച്ച് വിടാൻ മേൽ റോഡ് ഇടയാക്കും. ഇത് സംബന്ധിച്ച് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം മുഖാന്തിരം വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്. റോഡിന്റെ വികസനം വലിയ തോതിൽ ആൾ സഞ്ചാരവു വാണിജ്യ ടൂറിസവും വർദ്ധിപ്പിച്ച് വനമേഖലയ്ക്ക് ഗുരുതരമായ ഭവിഷ്യത്തുക്കൾ ഉണ്ടാക്കുന്നതാണ്. കൂടാതെ, ആനസഞ്ചാരം ധാരാളമുള്ള മേഖലയായതിനാൽ സമ്പന്നമായ ആനത്താരയുടെ ഭാഗവും ആണ്. ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് റോഡ് പുനരുദ്ധാരണത്തിൽ ബാക്കി നില്ക്കുന്ന 1302 മീറ്റർ ദൂരത്തിനും തുടരനുമതി നല്കുന്നത് അഭികാമ്യമല്ലെന്ന് കാണുന്നു. |
| (ബി) | ഇല്ലെങ്കിൽ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി മുഖേന റോഡ് നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു: വനഭൂമിയിലൂടെ കടന്നു പോകുന്നതും 19 കി.മി ദൂരവുമുള്ള മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണം, ബഹു. ഇടുക്കി എം.എൽ.എ ശ്രീ. റോഷി അഗസ്റ്റിന്റെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ഉപയോഗിച്ച്, 1980- ലെ കേന്ദ്ര വന (സംരക്ഷണ) നിയമം അനുശാസിക്കും വിധം കേന്ദ്ര സർക്കാർ അനുമതിയോടെ, വകുപ്പുതല നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്; കോതമംഗലം എഫ്.ഡി.എ. മുഖേന നടപ്പിലാക്കുവാൻ ജി.ഒ (ആർ.റ്റി) നം. 98/2016/F&WLD തീയതി 03.03.2016, ജി.ഒ (ആർ.റ്റി) നം. 412/2017/ F&WLD തീയതി 28.10.2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഉത്തരവായിരുന്നു. 25.5.2017-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി റോഡ്, കോൺക്രീറ്റ്/ഇന്റർലോക്കിംഗ് ബ്രിക്സ് ഉപയോഗിച്ച് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കോതമംഗലം എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ ടി പ്രവൃത്തി നടപ്പിലാക്കുവാൻ 11.6.2018-ലെ എഫ്.ഡി.എ. ജനറൽബോഡി മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിലെ അനന്തര നടപടിയ്ക്കായുള്ള വിവര ശേഖരണത്തിൽ, ടി റോഡ് 1980 ന് മുൻപ് നിർമ്മിച്ചിട്ടുള്ളതാണെന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയതിൽ, 3050മീറ്റർ ദൂരം സംബന്ധിച്ച |

വിശദാംശങ്ങളെ പഞ്ചായത്ത് നൽകിയിരുന്നുള്ള. അപ്രകാരം 1980-ന് മുൻപേ നിലവിലുള്ളതെന്ന് ബോധ്യം വന്ന 3050 മീറ്റർ ദൂരംറോഡ്, 3 മീറ്റർ വീതിയിൽ, പുനരുദ്ധാരണ പ്രവൃത്തികൾ എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് അനുവാദം നൽകി. ബഹു. എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഡി.എഫ്.ഒ. യുടെയും കോതമംഗലം എഫ്.ഡി.എ. യുടെയും പ്രത്യേക ജോയിന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് 1748 മീറ്റർ ദൂരം എഫ്.ഡി.എ. യുടെ മേൽനോട്ടത്തിൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത സ്ഥാപനം മുഖേന 2 0 1 9 വർഷത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. ടി ഇനത്തിൽ ആകെ 99,93,967/- രൂപ ചെലവായിട്ടുണ്ട്. അനുമതി നൽകിയ 3050 മീറ്റർ ദൂരത്തിൽ 1302 മീറ്റർ ദൂരം ഇനി പുനരുദ്ധാരണ പ്രവൃത്തി നടത്തുവാൻ ബാക്കിയുണ്ട്. ടി റോഡിലെ ദുർഘടവും കയറ്റിറക്കവുമുള്ള ഭാഗങ്ങൾ നിലവിൽ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗങ്ങൾ നിരപ്പായിട്ടുള്ളതും സഞ്ചാരയോഗ്യവുമാണ്. ആയതിനാൽ വനസംരക്ഷണത്തിന് പ്രയോജകീഭവിക്കുന്ന ജോലി അല്ലാത്തതിനാൽ ബാക്കി ദൂരം പുനരുദ്ധാരണം നടത്താൻ അനുമതി നൽകാൻ നിർവ്വാഹമില്ല.. മേൽ റോഡ് കടന്നുപോകുന്ന 1 9 കി.മീ ദൂരം ധാരാളം വന്യജീവി സാന്നിദ്ധ്യമുള്ള നിബിഡമായ വനമേഖലകളിലൂടെ കടന്നു പോകുന്നതാണ്. ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർവ്വേ അനുമതിക്കായി ജില്ലാ പഞ്ചായത്ത് യൂസർ ഏജൻസിയായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ അന്വേഷണം ബന്ധപ്പെട്ട ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയതിൽ വന്യജീവി സാന്നിദ്ധ്യമുള്ള നിബിഡമായ വനമേഖലകളിലൂടെ കടന്നു പോകുന്നതിനാൽ റോഡ് പുനരുദ്ധരിക്കുന്നതു വഴി വന്യജീവികൾക്ക് ഹാനി ഉണ്ടാകാവുന്നതും മനുഷ്യ-വന്യജീവി സംഘർഷം ഏറെ കൂടാനും തദ്വാര ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യത ഉള്ളതായും, കൂടാതെ, ടി റോഡ് പ്രയോജകീഭവിക്കുവാൻ സാദ്ധ്യതയുള്ള ആളുകൾക്ക് മുഴുവൻ മറ്റ് സഞ്ചാര മാർഗ്ഗങ്ങൾ നിലവിലുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മക്കുവള്ളി, മനയത്തടം, കൈതപ്പാറ എന്നീ ആദിവാസിയേതര

| | | | |
|---|---|---|---|
| | | | സെറ്റിൽമെന്റുകളെ ബന്ധിപ്പിക്കുന്നതും ദൂരം കുറവുള്ളതും കുറവ് വനഭൂമി ഉപയോഗിക്കുന്നതുമായ ചേലച്ചുവട് കഞ്ഞിക്കുഴി- മക്കുവള്ളി -മനയത്തടം കൈതപ്പാറ റോഡാണ് തദ്ദേശവാസികൾക്ക് കൂടുതൽ പ്രയോജനപ്രദമായിട്ടുള്ളത്. കൂടാതെ, ഉടുമ്പന്നൂർ, ചെറുതോണി എന്നീ രണ്ട് ജനവാസമേഖലകളെ ബന്ധിപ്പിച്ച് കുളമാവ് വരെയും കീരിപ്ലാവ് വഴിയും നിലവിൽ സംസ്ഥാന പാതകൾ നിലവിലുള്ളപ്പോൾ സെറ്റിൽമെന്റുമായി യാതൊരു ബന്ധവുമില്ലാത്ത വാഹന ട്രാഫിക് ഈ വനമേഖല വഴി തിരിച്ച് വിടാൻ മേൽ റോഡ് ഇടയാക്കും. ഇത് സംബന്ധിച്ച് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം മുഖാന്തിരം വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്. റോഡിന്റെ വികസനം വലിയ തോതിൽ ആൾ സഞ്ചാരവു വാണിജ്യ ടൂറിസവും വർദ്ധിപ്പിച്ച് വനമേഖലയ്ക്ക് ഗുരുതരമായ ഭവിഷ്യത്തുക്കൾ ഉണ്ടാക്കുന്നതാണ്. കൂടാതെ, ആനസഞ്ചാരം ധാരാളമുള്ള മേഖലയായതിനാൽ സമ്പന്നമായ ആനത്താരയുടെ ഭാഗവും ആണ്. ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് റോഡ് പുനരുദ്ധാരണത്തിൽ ബാക്കി നില്ക്കുന്ന 1302 മീറ്റർ ദൂരത്തിനും തുടരനുമതി നല്കുന്നത് അഭികാമ്യമല്ലെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ